14
മേയ് 2018 തിങ്കൾ
1193 മേടം 31
തിരുവനന്തപുരം

# കേരളകൗമുദി

SINCE 1911

FOUNDER EDITOR: K. SUKUMARAN B.A

THIRUVANANTHAPURAM | KOLLAM | PATHANAMTHITTA | ALAPUZHA | KOTTAYAM | KOCHI | THRISSUR | KOZHIKODE | KANNUR | BENGALURU www.keralakaumudi.com www.facebook.com/k

## മൂന്നാം പ്രസ് കമ്മിഷനായി റെജി വസന്തിന്റെ പ്രബന്ധം

കെ.പി. കൈലാസ്‌നാഥ്

തിരുവനന്തപുരം: അഴിമതി പോലുള്ള ദുഷ്പ്രവണതകൾ ശക്തമാകുന്ന സമൂഹത്തിൽ പത്രപ്രവർത്തകരുടെ ഉത്തരവാദിത്വവും ഏറുന്നതിനാൽ മൂന്നാം പ്രസ് കമ്മിഷൻ അനിവാര്യമായെന്ന് ഗവേഷകനായ റെജി വസന്ത്. മൂന്നാം പ്രസ് കമ്മിഷൻ എന്ന ആവശ്യം പ്രധാനമന്ത്രിക്ക് സമർപ്പിക്കും.

ഒന്നാം പ്രസ് കമ്മിഷൻ 1966ലും രണ്ടാം കമ്മിഷൻ 1978ലുമാണ് റിപ്പോർട്ട് നൽകിയത്. രണ്ടാം പ്രസ് കമ്മിഷൻ റിപ്പോർട്ട് വന്നിട്ട് 40 വർഷമായതിനാൽ മൂന്നാം കമ്മിഷൻ വരേണ്ട സമയം അതിക്രമിച്ചെന്ന് 'എ ക്രിട്ടിക്കൽ സ്റ്റഡി ഓൺ ദ മീഡിയ ഇൻഡസ്ട്രി ഇൻ പോസ്റ്റ് ഇൻഡിപെൻഡന്റ് ഇന്ത്യ' 2018 എന്ന പ്രബന്ധത്തിൽ റെജി വസന്ത് പറയുന്നു. പ്രമുഖ പൗരന്മാർ, പത്രാധിപന്മാർ, പത്രപ്രവർത്തകർ, ഭരണാധികാരികൾ, ഉദ്യോഗസ്ഥർ, നിയമവിദഗ്ദ്ധർ എന്നിവരിൽ നിന്ന് വിവരങ്ങൾ ശേഖരിച്ചായിരുന്നു പ്രബന്ധ രചന.

1950കളിലെ അഴിമതികളുടെ കഥകൾ അദ്ദേഹം എടുത്തു പറയുന്നു. ഇന്ത്യയിൽ ഒരു ശതമാനം ധനാഢ്യർ 53 ശതമാനം സ്വത്ത് കൈകാര്യം ചെയ്യുന്നു. ജനീവയിലെ എച്ച്. എസ്. ബി. സിയിൽ രഹസ്യ അക്കൗണ്ടുള്ള 1,195 ഇന്ത്യക്കാരുടെ വിവരങ്ങൾ സ്വിസ്‌ലീക്സിലൂടെ പുറത്തുവന്നപ്പോഴാണ് കള്ളപ്പണത്തെക്കുറിച്ചുള്ള ചർച്ചകൾ സജീവമായത്. മാദ്ധ്യമങ്ങൾ ക്രിയാത്മ വിമർശനം നടത്തണമെന്ന രണ്ടാം പ്രസ് കമ്മിഷന്റെ നിർദ്ദേശം റെജി എടുത്തുകാട്ടുന്നു.

കേരള ഗവർണർ, മുൻ മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ, എം.പിമാരായ ശശി തരൂർ, എ. സമ്പത്ത് തുടങ്ങിയവർക്ക് പ്രബന്ധത്തിന്റെ കോപ്പി നൽകിയിട്ടുണ്ട്.

മെഡിക്കൽ എൻസൈക്ലോപീഡിയ സി.ഡി റോം തയ്യാറാക്കിയ നെടുമങ്ങാട് പഴകുറ്റി സ്വദേശിയായ റെജി സൈബർ ഫോറൻസിക് ലാബ് പ്രോജക്ട് റിപ്പോർട്ട്, റൊബോട്ടിക് ആൻഡ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പ്രോജക്ട് റിപ്പോർട്ട് തുടങ്ങി നിരവധി പ്രബന്ധങ്ങൾ രചിച്ചിട്ടുണ്ട്.